# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂൺ 25**

---

## വെറ്ററിനേറിയൻ; അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോ സയൻസസിൽ വെറ്ററിനേറിയൻ തസ്തികയിൽ കരാർ നിയമനത്തിന് ആപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തേക്കാണ് നിയമനം. പ്രതിമാസ വേതനം 35000 രൂപ. വെറ്ററിനറി സയൻസിൽ ബിരുദവും കേരള വെറ്ററിനറി കൗൺസിലിന്റെ അംഗീകാരവുമുള്ള ഡോക്ടർമാർക്കും റിട്ടയർ ചെയ്ത വെറ്ററിനറി ഡോക്ടർമാർക്കും അപേക്ഷിക്കാം.

ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും soada3@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ ജൂലൈ ആറിനു മുൻപ് അയയ്ക്കണം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ. ഫോൺ- 0481 2733240
(പി.ആർ.ഒ/39/500/2024)

## പരീക്ഷാ ഫലം

മൂന്നാം സെമസ്റ്റർ ബിവോക്(വിവിധ പ്രോഗ്രാമുകൾ 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്-പുതിയ സ്കീം 2023 ഡിസംബർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജൂലൈ ഒൻപതു വരെ അപേക്ഷിക്കാം
(പി.ആർ.ഒ/39/501/2024)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എംഎ(സിഎസ്എസ് 2022 അഡ്മിഷൻ റഗുലർ 2019 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ മദ്ദളം, ഭരതനാട്യം, കഥകളിവേഷം എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ/പ്രോജക്ട്/ കോംപ്രിഹെൻസീവ് വൈവ വോസി പരീക്ഷകൾ യഥാക്രമം ജൂലൈ ഒന്ന്, എട്ട്, പത്ത് തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/502/2024)

## എം.ടെക്; സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോടെക്നോളജിയിൽ എംടെക് നാനോസയൻസ് ആന്റ് നാനോ ടെക്നോളജി പ്രോഗ്രാമിൽ സീറ്റുക

ളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ജൂൺ 27ന് നടക്കും.
അർഹരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ 302-ാം നമ്പർ റൂമിൽ രാവിലെ പത്തിന് മുൻപ് എത്തണം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ(www.mgu.ac.in). ഫോൺ-9496544407.

................

സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ എംടെക് എനർജി സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ജൂൺ 28ന് നടക്കും. അർഹരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ 302-ാം നമ്പർ റൂമിൽ രാവിലെ പത്തിന് മുൻപ് എത്തണം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ. ഫോൺ-7736997254.
(പി.ആർ.ഒ/39/503/2024)

## ഫീൽഡ് വർക്കർ; അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ സെർബ് പ്രോജക്ടിൽ ഫീൽഡ് വർക്കർ തസ്തികയിൽ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ബിരുദാനന്തര ബിരുദമാണ് അടിസ്ഥാന യോഗ്യത. മലയാളം, ഹിന്ദി ഭാഷകളിൽ പ്രാവീണ്യമുണ്ടായിരിക്കണം. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ ആരോഗ്യ വിവരശേഖരണത്തിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും യാത്ര ചെയ്യാൻ സന്നദ്ധരായിരിക്കണം.

പ്രതിമാസ വേതനം-19800 രൂപ. താത്പര്യമുള്ളവർ ജൂൺ 30ന് വൈകുന്നരം അഞ്ചിനു മുൻപ് serbqss@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലേക്ക് ബയോ ഡേറ്റ അയയ്ക്കണം.
(പി.ആർ.ഒ/39/504/2024)

## വൈവ വോസി

നാലാം സെമസ്റ്റർ എംഎസ്സി ആർട്ടിഫിഷ്യൽ ഇന്റലിജൻസ്(സിഎസ്എസ്- 2022 അഡ്മിഷൻ റഗുലർ, 2020, 2021 അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രൊജക്ട് ഇവാലുവേഷൻ/ വൈവ വോസി പരീക്ഷ ജൂലൈ എട്ടു മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/505/2024)

## എസ് ജിടിഡിഎസ് ; സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റൽ സ്റ്റഡീസിൽ എംഎ ഡവലപ്മെന്റൽ സ്റ്റഡീസ്, എംഎ ഗാന്ധിയൻ സ്റ്റഡീസ് പ്രോഗ്രാമുകളിൽ പൊതു വിഭാഗത്തിലും സംവരണ വിഭാഗത്തിലും ഒഴിവുള്ള സീറ്റുകളിൽ പ്രവേശനത്തിന് ഇപ്പോൾ രജിസ്റ്റർ ചെയ്യാം.

തദ്ദേശ സ്വയംഭരണം, പ്രാദേശിക വികസനം തുടങ്ങിയ മേഖലകൾക്ക് മുൻഗണന നൽകുന്ന എംഎ ഗാന്ധിയൻ സ്റ്റഡീസ് യോഗ്യത നേടുന്നവർക്ക് അധ്യാപന മേഖലയിൽ ഉൾപ്പെടെ ഏറെ തൊഴിൽ സാധ്യതകളുണ്ട്. എംഎ ഇക്കണോമിക്സിന് തുല്യമായി മഹാത്മാ ഗാന്ധി സർവകലാശാല അംഗീകരിച്ചിട്ടുള്ള എംഎ ഡവലപ്മെന്റൽ സ്റ്റഡീസും ഉപരിപഠനത്തിനും തൊഴിലിനും സാധ്യതകളൊരുക്കുന്നു.

ഏതെങ്കിലും വിഷയത്തിൽ 45 ശതമാനത്തിൽ(പാർട്ട് 3) കുറയാത്ത മാർക്കോടെ ബിരുദം നേടിയവർക്ക് അപേക്ഷിക്കാം. പിന്നാക്ക വിഭാഗങ്ങളിൽ പെട്ടവർക്ക് നിയമാനുസൃത ഇളവ് അനുവദിക്കും. താത്പര്യമുള്ളവർക്ക് വകുപ്പിൽ നേരിട്ടെത്തിയോ ഓൺലൈനിലോ രജിസ്ട്രേഷൻ നടത്താം. അവസാന തീയതി ജൂൺ 28. വിശദ വിവരങ്ങൾക്കും ഓൺലൈൻ രജി

സ്ട്രേഷനും https://sgtds.mgu.ac.in/ എന്ന വെബ് സൈറ്റ് സന്ദർശിക്കുക. ഫോൺ-04821 2731039, 9447675755
(പി.ആർ.ഒ/39/506/2024)

## എം.എഡ് ; ഒഴിവുള്ള സീറ്റുകളിൽ പ്രവേശനം

എം.ജി സർവകലാശാലയിലെ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ എം.എഡ് പ്രോഗ്രാമിൽ പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽ പെട്ടവർക്ക് സംവരണം ചെയ്തവയിൽ ഒഴിവുള്ള സീറ്റുകളിൽ പ്രവേശനത്തിന് ജൂൺ 27 വരെ അപേക്ഷിക്കാം. ബി.എഡ് യോഗ്യത യുള്ളവർക്കാണ് അവസരം.

പൂരിപ്പിച്ച അപേക്ഷാ ഫോറവും അനുബന്ധ രേഖകളും 27ന് രാത്രി 12നു മുൻപ് sps@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലേക്ക് അയയ്ക്കണം. അപേക്ഷയുടെ ഹാർഡ് കോപ്പി സ്വീകരിക്കുന്നതല്ല. എൻസിസി, എൻഎസ്എസ്, സ്കൗട്ട്, എക്സ് സർവീസ്, ഭിന്ന ശേഷി സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നവർക്ക് നിയമനാനുസൃതമായ വെയ്റ്റേജ് മാർക്ക് ല ഭിക്കും.

വിശദ വിവരങ്ങൾ സർവകലാശായുടെ വെബ്സൈറ്റിലും (www.mgu.ac.in) www.sps.mgu.ac.in ലും ലഭിക്കും.
(പി.ആർ.ഒ/39/507/2024)

## വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാല സെനറ്റിലേക്കും സ്റ്റുഡന്റ്സ് കൗൺസിലിലേക്കും വിദ്യാർ ഥി പ്രതിനിധികളുടെ മണ്ഡലത്തിൽനിന്നുള്ള തിരഞ്ഞെടുപ്പിന്റെ വോട്ടർ പട്ടിക പ്രസിദ്ധീകരി ച്ചു. തിരഞ്ഞെടുപ്പ് വിജ്ഞാപനം ജൂൺ 27ന് പുറപ്പെടുവിക്കും. ഓഗസ്റ്റ് എട്ടിനാണ് തിര ഞ്ഞെടുപ്പ്.
(പി.ആർ.ഒ/39/508/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**